കൈത്തറി വ്യവസായത്തിന്റെ പുനരുജ്ജീവനത്തിന് നടപടി

18 [2055] ശ്രീ. മത്തായി ചാക്കോ :

ഡോ. തോമസ് ഐസക് :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായത്തിന്റെ പുനരുജ്ജീവനത്തിനായി ഏതെങ്കിലും ധനകാര്യ ഏജൻസികളുടെ സഹായം സർക്കാർ തേടുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ധനകാര്യ ഏജൻസികളിൽ നിന്നാണ് സഹായം തേടുന്നതെന്നും ലഭിക്കുന്ന സഹായം എത്രയാണെന്നും ഇത് സംബന്ധമായ കരാർ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദീൻദയാൽ കൈത്തറി വികസന പദ്ധതിക്ക് വേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യവികസന കോർപ്പറേഷനിൽനിന്നും 5 കോടി രൂപയുടെ വായ്പ ഹാൻടെക്സ് വഴി പ്രാഥമിക സംഘങ്ങൾക്കു ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലായി നടപ്പാക്കുന്ന എസ്.ജി.എസ്.വൈ. സ്പെഷ്യൽ പ്രോജക്ടുകൾക്ക് 11.14 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നു. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ദിശയിൽ ആയതിനാൽ വ്യവസ്ഥകൾ രൂപീകൃതമായിട്ടില്ല.

കൈത്തറി വ്യവസായ സഹകരണ സംഘങ്ങളുടെ കുടിശ്ശിക

19 [2056] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾക്ക് ഉൽപ്പന്നങ്ങൾ എടുത്തവകയിൽ ഹാൻടെക്സ്, ഹാൻവീവ് തുടങ്ങിയ സ്ഥാപനങ്ങൾ നൽകുവാനുള്ള തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ടി സംഘങ്ങൾക്ക് ഭീമമായ കുടിശ്ശിക തുക നൽകാനുള്ളതുകാരണം അവ പ്രതിസന്ധിയിലാണെന്നും തൊഴിലാളികൾക്ക് പണി ലഭിക്കുന്നില്ലെന്നുമുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ടി സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശികകൾ അടിയന്തിരമായി വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly